പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 516 — 19.03.2013-ലെ മറുപടിക്ക്

## സഹകരണമേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ശ്രീ. പി.എ. മാധവൻ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. വി. പി. സജീന്ദ്രൻ:<br>ശ്രീ. എം. പി. വിൻസെന്റ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ ആധുനിക ചികിത്സ ഉറപ്പാക്കാൻ ഒരു പഠനസമിതിയെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) കേരളത്തിലെ സഹകരണ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ആരോഗ്യ സ്ഥാപനങ്ങളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു പഠന കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.<br>1. ശ്രീ. കെ.എ. ചന്ദ്രൻ, എക്സ് .എം.എൽ.എ — അദ്ധ്യക്ഷൻ<br>2. ശ്രീ. കെ.വി. സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) — കൺവീനർ<br>3. ശ്രീ. ഇ. നാരായണൻ, ചെയർമാൻ, ഹോസ്പിറ്റൽ ഫെഡ് — അംഗം<br>4. ശ്രീ. ടി.കെ. പൊറിഞ്ചു, പ്രസിഡന്റ്, തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രി. — അംഗം |
| ബി) എന്തെല്ലാം കാര്യങ്ങൾ പഠിക്കാനാണ് സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്; | ബി) കേരളത്തിലെ സഹകരണ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ആശുപത്രികൾ, മെഡിക്കൽ സെന്ററുകൾ, ഡിസ്പെൻസറികൾ, എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ആധുനിക സങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള ചികിത്സാ സേവനം മിതമായ ചെലവിൽ ലഭ്യമാക്കുന്നതിനും, ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനഘടനയും പ്രവർത്തനാന്തരീക്ഷവും ഉറപ്പു വരുത്തുവാനും വേണ്ടിയുള്ള കാര്യങ്ങൾ പഠിക്കാനാണ് സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| സി) പഠനറിപ്പോർട്ടും ശുപാർശകളും എന്നത്തേയ്ക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് ? | സി) പഠന റിപ്പോർട്ടും ശുപാർശകളും ആറ് മാസത്തിനകം സമർപ്പിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ